Talented Bankers Literary Panel
പുസ്തക പരിചയം 209

പുസ്തകം പരിചയപ്പെടുത്തുന്നത്,
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
TFCPC, എറണാകുളം.

അനാഹി
വിപിൻ ദാസ്

പ്രമേയം കൊണ്ടും അവതരണ രീതി കൊണ്ടും മലയാളത്തിൽ പൂർവ്വമാതൃകയില്ലാത്ത ഉദ്വേഗജനകമായ വായനാനുഭവം നൽകുന്ന നോവൽ എന്ന് പുസ്തകത്തിന്റെ പുറകിൽ പറഞ്ഞിരിക്കുന്നത് അക്ഷരാർത്ഥത്തിൽ സത്യമായ ഒരു പുസ്തകം.

ഒരു ഹൊറർ പുസ്തകം ആണോ എന്നു ചോദിച്ചാൽ, എന്ത് തോന്നുന്നു വായിച്ചിട്ട് എന്ന് തിരികെ ചോദിക്കേണ്ടി വരും.

ദൈവത്തിനെ എതിർത്തതിനാൽ ശിക്ഷിക്കപ്പെട്ട സ്ത്രീ രൂപം ലിലിത്. അവളുടെ ഉയിർത്തെഴുന്നേല്പിനായി കാത്തിരിക്കുന്ന അല്ലെങ്കിൽ പ്രവർത്തിക്കുന്ന ഗൂഢസംഘം. അതിനായുള്ള അടയാളങ്ങൾ തെളിഞ്ഞു വരുന്ന ശരീരമുള്ള സഹ്യൻ എന്ന കഥാപാത്രത്തിലൂടെയാണ് കഥ തുടങ്ങുന്നത്. തനിക്കു സംഭവിക്കുന്നതെന്തെന്നു മനസ്സിലാകാത്ത സഹ്യൻ സുഹൃത്തായ ആരവല്ലിയുടെ സഹായം തേടുന്നു. അവരുടെ രഹസ്യം തേടിയുള്ള യാത്രയും പ്രശ്നങ്ങളുമൊക്കെ ആണ് ഈ നോവൽ.

ഈ നോവലിലെ കഥാപാത്രങ്ങളുടെ പേരുകൾ എല്ലാം തന്നെ മലനിരകളുടെ പേരുകൾ കൊണ്ടാണ്. സഹ്യൻ ആരവല്ലി വിന്ധ്യ ആൽപ്സ് മൌണ്ട് ബ്ലാങ്ക് എന്നിവയെല്ലാം ഉദാഹരണങ്ങൾ. ഇതല്ലാതെ കണ്ട ചില പേരുകൾ ഞാൻ ഗൂഗിൾ ചെയ്തു നോക്കി എന്നത് ഒരു സത്യം. ഈ പേരുകളും സ്ഥലങ്ങളുടെ വിശദീകരണങ്ങളുമെല്ലാം വായിക്കുമ്പോൾ കഥ ദൂരെ എവിടെയോ നടക്കുന്നതല്ലേ എന്നു തോന്നാമെങ്കിലും ഇത് യഥാർത്ഥത്തിൽ എവിടെ നടക്കുന്നു എന്നു കൃത്യമായി പറഞ്ഞിട്ടില്ല.

സഹ്യന്റെ സ്വപ്നങ്ങളും യഥാർത്ഥ ലോകവുമായി കുഴഞ്ഞു മറിഞ്ഞ മനസ്സിൽ കൂടിയാണ് കഥ മുന്നോട്ടു പോകുന്നത്. അവന്റെ ശരീരത്തിൽ തെളിഞ്ഞു വന്ന ഏതോ ലിപിയിലെ അക്ഷരങ്ങളുടെ കഥ അഴിച്ചെടുക്കാനുള്ള യാത്ര. അതു എങ്ങനെ സംഭവിക്കുന്നു എന്നും എന്ത് സംഭവിച്ചു എന്നും വായിച്ചു തന്നെ മനസ്സിലാക്കണം.

പുസ്തകത്തിൽ പലയിടത്തും ദൈവവും ചെകുത്താനും എന്ന

സങ്കല്പത്തിനെ കുറിച്ചു പരാമർശിക്കുന്നുണ്ട്. തുറന്ന മനസ്സോടെ വായിച്ചാൽ അതിലെവിടെയൊക്കെയോ ചില സത്യങ്ങൾ ഇല്ലേ എന്നു തോന്നിപ്പിക്കുവാൻ മാത്രം ശക്തമായ ബിംബങ്ങളാണതൊക്കെ തന്നെയും. ഒരു തരത്തിൽ നോക്കിയാൽ ഈ പുസ്തകത്തിന്റെ ഇതിവൃത്തം അതു തന്നെയാണ്.

അവതരണ രീതിയിലെ പുതുമ ഈ പുസ്തകത്തിന്റെ മുഖമുദ്രയാണ്. കൈകാര്യം ചെയ്ത പ്രമേയത്തിന് അങ്ങേയറ്റം ന്യായീകരിക്കുന്ന എഴുത്ത് പുസ്തകത്തിന്റെ ആസ്വാദനത്തിനു സഹായമായിട്ടുണ്ട്. കഥാകൃത്തു ഉദ്ദേശിച്ച ഭീതി വായനക്കാരന് പലയിടത്തും അനുഭവവേദ്യമാകുന്നുണ്ട്.